**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1580** **15-03-2022 - ൽ മറുപടിയ്ക്ക്**

**നാളികേര മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **null<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നാളികേരകൃഷിയുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി നാളികേര വികസന കൗൺസിൽ മുഖേന നടത്തുന്ന നാളികേര മിഷന്റെ പ്രവർത്തനം വഴി ഇതുവരെ കൈവരിക്കാനായ നേട്ടം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. നാളികേര കൃഷിയുടെ പുനരുജീവനവും പുനഃസ്ഥാപനവും ലക്ഷ്യമിട്ട് ഗുണമേന്മയും ഉല്പാദനശേഷിയുമുള്ള തെങ്ങിൻ തൈകൾ ഉത്പാദിപ്പിച്ച് വിസ്തൃതി വ്യാപനത്തിനായി 50% സബ്സിഡി നിരക്കിൽ 2019-20 മുതൽ 2021-22 വരെ 21,68,297 എണ്ണം തെങ്ങിൻ തൈകൾ വിതരണം ചെയ്തതിലൂടെ 12390.27 ഹെക്ടർ നാളികേര കൃഷി വിസ്തൃതി വ്യാപിപ്പിച്ച് പുനരുദ്ധരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് . |
| (ബി) | നിലവിൽ നേരിടുന്ന തേങ്ങയുടെ കനത്ത വിലയിടിവ് തടയുന്നതിനായി പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ടോ; കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തി കൊപ്രസംഭരണം തുടങ്ങിയിട്ടുണ്ടോ; | (ബി) | നടപടികൾ തുടങ്ങിയിട്ടുണ്ട്. നാളികേര ത്തിന്റെ വിലയിടിവ് കണക്കിലെടുത്തു കർഷകകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് 14.01.2022 ലെ സ.ഉ.(കൈ)നം.3/2022/കൃഷി പ്രകാരം പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുവാൻ ഉത്തരവ് നൽകിയിരുന്നു. കേരഫെഡ്, കേരള സംസ്ഥാന നാളികേര വികസന കോർപറേഷൻ മുഖേന പച്ചതേങ്ങ കിലോയ്ക്ക് 32 രൂപ താങ്ങു വില നൽകി സംഭരണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കേരഫെഡ് ജില്ലകളിൽ സി.പി.സി/ സി.പി.എഫ്/ സഹകരണ സ്ഥാപനങ്ങൾ/ FPO എന്നിവ മുഖേനയുള്ള സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരണം നടത്തുന്നത്. പച്ചത്തേങ്ങ സംഭരണത്തി നായി കേരഫെഡിന് 1 കോടി രൂപയും, നാളികേര വികസന കോർപറേഷന് 50 ലക്ഷം രൂപയും റിവോൾവിങ് ഫണ്ടിനത്തിൽ നൽകിയിട്ടുണ്ട്. കൊപ്രയുടെ വിലയും താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില (പി.എസ്.എസ്) പദ്ധതി 2022 പ്രകാരം സഹകരണ സംഘങ്ങൾ മുഖേന കൊപ്ര സംഭരിച്ച നാഫെഡിന് കൈമാറുന്നതിന് കേരഫെഡിനെയും മാർക്കറ്റ് ഫെഡിനെയും സ്റ്റേറ്റ് ലെവൽ നോഡൽ |

| | | | |
|---|---|---|---|
| | | | ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റി തെരഞ്ഞെടുക്കുന്ന സഹകരണ സംഘ ങ്ങൾ അതാത് നോഡൽ ഏജൻ സികളുടെ കീഴിൽ രജിസ്റ്റർ ചെയ്യേണ്ട താണ്. ഇതിനായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൊപ്രയുടെ താങ്ങു വില കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന വില യായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് വില ലഭ്യമാകുന്നത്. |
| (സി) | ചെറിയ തോതിൽ പോലും ഉല്പാദന വർദ്ധനവുണ്ടായാൽ തേങ്ങയ്ക്ക് കനത്ത വിലയിടിവുണ്ടാകുന്നത് പതിവാകുന്നതിന് പരിഹാരമായി നാളികേരത്തിന്റെ ഉപോല്പന്നങ്ങളുടെയും മൂല്യവർദ്ധിതോല്പന്നങ്ങളുടെയും വ്യവസായങ്ങൾ കർഷകരുടെ ഉടമസ്ഥതയിൽ വളർത്തിയെടുക്കുന്നതിന് നാളികേര ക്ലസ്റ്റർ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (സി) | മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉൽപ്പന്നങ്ങളുടെ മൂല്യ വർധനവിന്റെ ഭാഗമായി വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൌഡർ , ബേബി ഓയിൽ, തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡിയായി 1,76,31,435/- രൂപ (ഒരു കോടി ഏഴുപത്തിയാറു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) നൽകിയിട്ടുണ്ട്. 50 പുതിയ ഫാർമേർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) കളും നിലവിലുള്ള 50 FPO കളുടെ ശാക്തീകരണത്തിനുമുള്ള പ്രവർത്തന ങ്ങൾ നടന്നു വരുന്നു. കൂടാതെ വി.എഫ്.പി.സി.കെ മുഖേന 38 എഫ്.പി.ഓ കൾ റജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. FPO കൾ രൂപീകരിക്കുന്നതോട വിളകളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാന മാക്കിയുള്ള FPO കളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ KIIFB യുടെ ധനസഹായത്തോടെ രണ്ടു നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേരഗ്രാമം പദ്ധതിയുടെ ഭാഗമായി കേര സമിതികളുടെ നേതൃത്വത്തിൽ നാളികേരത്തിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ചെറു സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ